# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.16.)1005/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.16.)1005/2022. തീയ്യതി: 03/07/2022

## തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സതീശൻ എൻ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 18-06-2022 | 22-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-06-2022 | 22-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ബേബി.പി.വി., ഓഡിറ്റ് ഓഫീസർ
2) ജോമോൻ ഇ.കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3) സുമ വി.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
4) അനീറ്റ ഡൊമിനിക്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പത്മിനി പി.കെ. | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 20-12-2020 |
| ചാന്ദിനി വേണു | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| സി.എസ്.മിനി | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അശ്വതി ജി. പ്രസാദ് | കൃഷി ഓഫീസർ | 01-04-2020 | 03-10-2020 |
| ജേക്കബ് ഷേമോൻ | കൃഷി ഓഫീസർ | 04-10-2020 | 31-03-2021 |
| പ്രതീഷ് കുമാർ വി.കെ. | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.ഫ്രാൻസിസ് ജിമ്മി ജോസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ഡോ.ജ്യോത്സ്ന സദാനന്ദൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.പ്രീതി എം.പി. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 10-02-2021 |
| ഡോ.ജിജി ജോസ് കെ. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 11-02-2021 | 31-03-2021 |
| ഡോ.രാജലക്ഷ്മി രാധാകൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ടി.കെ.ശാന്ത | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 11-04-2020 |
| ജാൻസി കെ.കെ. | ഹെഡ്മിസ്ട്രസ്സ് | 12-04-2020 | 31-03-2021 |
| ഷിജി കെ.യു. | വി.ഇ.ഒ.-1 | 01-04-2020 | 31-03-2021 |
| ധന്യ | വി.ഇ.ഒ.-2 | 01-04-2020 | 31-03-2021 |
| ഷീജ പി.ജെ. | ഐ.സി.ഡി.എസ് . സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| വാസുദേവൻ പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 21-06-2020 |
| സൂരജ്.കെ.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 22-06-2020 | 31-03-2021 |
| ഷിബു കെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ജോമോൾ സി.ബേബി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 17-09-2020 |

| | | | |
|---|---|---|---|
| സുരേഷ് ബാബു | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 18-09-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.V.Baby (Audit Officer, On 24-06-2022)<br>Last Updated By: P.V.Baby (Audit Officer, On 24-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Anita Dominic (Auditor, On 22-06-2022)<br>Last Updated By: P.V.Baby (Audit Officer, On 24-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Anita Dominic (Auditor, On 22-06-2022)<br>Last Updated By: P.V.Baby (Audit Officer, On 24-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Anita Dominic (Auditor, On 22-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.V.Baby (Audit Officer, On 24-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jomon E K (Asst. Audit Officer, On 24-06-2022)<br>Last Updated By: P.V.Baby (Audit Officer, On 24-06-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച്<br>Written By: Jomon E K (Asst. Audit Officer, On 24-06-2022)<br>Last Updated By: P.V.Baby (Audit Officer, On 24-06-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Anita Dominic (Auditor, On 22-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: P.V.Baby (Audit Officer, On 22-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.V.Baby (Audit Officer, On 24-06-2022)<br>Last Updated By: P.V.Baby (Audit Officer, On 24-06-2022) | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Anita Dominic (Auditor, On 23-06-2022)<br>Last Updated By: Anita Dominic (Auditor, On 23-06-2022) | 1-11 |
| 12 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Anita Dominic (Auditor, On 23-06-2022)<br>Last Updated By: Anita Dominic (Auditor, On 23-06-2022) | 1-12 |
| 13 | വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം) - വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Anita Dominic (Auditor, On 23-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-13 |
| 14 | വസ്തുനികുതി - റെസിഡൻഷ്യൽ (കുടിശ്ശിക) - വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Anita Dominic (Auditor, On 23-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-14 |
| 15 | വസ്തുനികുതി നോൺ - റെസിഡൻഷ്യൽ (തൻവർഷം) - വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Anita Dominic (Auditor, On 23-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-15 |

| | | |
|---|---|---|
| 16 | വസ്തുനികുതി - നോൺ - റെസിഡൻഷ്യൽ (കുടിശ്ശിക) - വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Anita Dominic (Auditor, On 23-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-16 |
| 17 | ലൈബ്രറി സെസ്സ് - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Anita Dominic (Auditor, On 23-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-17 |
| 18 | വസ്തുനികുതി മുൻകൂർ - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Anita Dominic (Auditor, On 23-06-2022)<br>Last Updated By: Anita Dominic (Auditor, On 23-06-2022) | 1-18 |
| 19 | വസ്തുനികതി - കൃത്യ സമയത്ത് ഡിമാന്റ് എൻടി രേഖപ്പെടുത്തുന്നില്ല<br>Written By: Anita Dominic (Auditor, On 23-06-2022)<br>Last Updated By: Anita Dominic (Auditor, On 23-06-2022) | 1-19 |
| 20 | വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Anita Dominic (Auditor, On 23-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-20 |
| 21 | സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Anita Dominic (Auditor, On 23-06-2022)<br>Last Updated By: Anita Dominic (Auditor, On 23-06-2022) | 1-21 |
| 22 | രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ<br>Written By: Jomon E K (Asst. Audit Officer, On 24-06-2022)<br>Last Updated By: Anita Dominic (Auditor, On 24-06-2022) | 1-22 |
| 23 | രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു<br>Written By: Jomon E K (Asst. Audit Officer, On 24-06-2022)<br>Last Updated By: Anita Dominic (Auditor, On 24-06-2022) | 1-23 |
| 24 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 23-06-2022)<br>Last Updated By: Anita Dominic (Auditor, On 23-06-2022) | 1-24 |
| 25 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Anita Dominic (Auditor, On 23-06-2022)<br>Last Updated By: Anita Dominic (Auditor, On 23-06-2022) | 1-25 |
| 26 | Movable Assets -Others എന്ന ആസ്തിക്ക് ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടില്ല<br>Written By: Anita Dominic (Auditor, On 24-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-26 |
| 27 | Capital Work In Progress എന്ന ശീർഷകത്തിൽ തുക ചേർത്തിട്ടില്ല<br>Written By: Anita Dominic (Auditor, On 24-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-27 |
| 28 | സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല<br>Written By: Anita Dominic (Auditor, On 24-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-28 |
| 29 | ഡെപ്പോസിറ്റ് രജിസ്റ്റർ -വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Anita Dominic (Auditor, On 24-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-29 |
| 30 | റദ്ദാക്കിയ സാംഖ്യ രസീതി നമ്പറിൽ സഞ്ചയയിൽ നികുതി വരവ് രേഖപ്പെടുത്തിയത്-cacelled Receipt Report ലെ അപാകത പരിഹരിക്കേണ്ടതാണ്<br>Written By: Suma V.K (Senior Grade Auditor, On 24-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-30 |

| | | |
|---|---|---|
| 31 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Suma V.K (Senior Grade Auditor, On 23-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-31 |
| 32 | FTEAOS ലൈസൻസ്എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Suma V.K (Senior Grade Auditor, On 23-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-32 |
| 33 | അനധികൃത കെട്ടിട നിർമ്മാണം തുടർ നടപടി സ്വീകരിക്കണം<br>Written By: Suma V.K (Senior Grade Auditor, On 24-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-33 |
| 34 | അഗതി രഹിത കേരളം പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല<br>Written By: Suma V.K (Senior Grade Auditor, On 23-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-34 |
| 35 | പട്ടിക ജാതി വനിതകൾക്ക് ഫ്ളവർ മിൽ പദ്ധതി-ആസ്തിറജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Suma V.K (Senior Grade Auditor, On 23-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-35 |
| 36 | ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ പദ്ധതികൾ – അപാകങ്ങൾ<br>Written By: Anita Dominic (Auditor, On 24-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-36 |
| 37 | ലോഗ് ബുക്ക് പരിപാലനം-അപാകതകൾ<br>Written By: Jomon E K (Asst. Audit Officer, On 22-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-37 |
| 38 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല<br>Written By: Jomon E K (Asst. Audit Officer, On 22-06-2022)<br>Last Updated By: P.V.Baby (Audit Officer, On 24-06-2022) | 1-38 |
| 39 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: Jomon E K (Asst. Audit Officer, On 24-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-39 |
| 40 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jomon E K (Asst. Audit Officer, On 22-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-40 |
| 41 | ബൈലോക്ക് അംഗീകാരം ലഭ്യമാക്കിയിട്ടില്ല.<br>Written By: Jomon E K (Asst. Audit Officer, On 22-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-41 |
| 42 | ജല സുരക്ഷ - കിണർ റീചാർജ്ജ് -തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതലായി ഉൾപ്പെടുത്തണം .<br>Written By: Jomon E K (Asst. Audit Officer, On 22-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-42 |
| 43 | ലീഗൽ ചാർജ്ജസ്- സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Jomon E K (Asst. Audit Officer, On 22-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-43 |
| 44 | പൊതുമരാമത്ത് പ്രവൃത്തികൾ -പൊതു പരാമർശം<br>Written By: P.V.Baby (Audit Officer, On 22-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-44 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Anita Dominic (Auditor, On 22-06-2022) | 4-1 |

| | | |
|---|---|---|
| | Last Updated By: P.V.Baby (Audit Officer, On 03-07-2022) | |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Anita Dominic (Auditor, On 22-06-2022)<br>Last Updated By: P.V.Baby (Audit Officer, On 24-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Anita Dominic (Auditor, On 22-06-2022)<br>Last Updated By: Anita Dominic (Auditor, On 22-06-2022) | 4-3 |
| 4 | സ്ഥിര നിക്ഷേപം<br>Written By: Anita Dominic (Auditor, On 22-06-2022)<br>Last Updated By: Anita Dominic (Auditor, On 22-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Anita Dominic (Auditor, On 22-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Anita Dominic (Auditor, On 22-06-2022)<br>Last Updated By: P.V.Baby (Audit Officer, On 24-06-2022) | 4-6 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Anita Dominic (Auditor, On 22-06-2022)<br>Last Updated By: Anita Dominic (Auditor, On 22-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Anita Dominic (Auditor, On 22-06-2022)<br>Last Updated By: P.V.Baby (Audit Officer, On 24-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Anita Dominic (Auditor, On 22-06-2022)<br>Last Updated By: P.V.Baby (Audit Officer, On 24-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Anita Dominic (Auditor, On 22-06-2022)<br>Last Updated By: P.V.Baby (Audit Officer, On 24-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 26.03.2020 | 1(1) | 207913100 | 234198478 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 16.02.2021 | 1(2) | 269627339 | 273107325 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 28.06.2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12735651.23 |
| വരവ് | 96737997 |
| ആകെ | 109473648.23 |
| ചെലവ് | 98135786 |
| നീക്കിയിരിപ്പ് | 11337862.23 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 19349346 | 19349346 | 18926038 | 423308 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7674400 | 7674400 | 7006352 | 668048 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 10225000 | 10225000 | 10225000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4988033 | 4988033 | 4736050 | 251983 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Untied (ACR പ്രകാരം) | 0 | 11335175 | 11335175 | 8438491 | 11335175 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied (ACR പ്രകാരം) | 0 | 5620000 | 5620000 | 5019840 | 600160 |

### 1-5 പദ്ധതി അവലോകനം

2020-21 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 183 | 112959529 | 165 | 78362525 | 0 | 18 | 90.16 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 842784 | 842784 | 842784 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് +മെറ്റിരീയൽ കോസ്റ്റ് | 0 | 27117140 | 27117140 | 27117140 | 0 |

## 1-7 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 5935300 | 330 |
| വിധവാ പെൻഷൻ | 16628800 | 1029 |
| വാർദ്ധക്യകാലപെൻഷൻ | 26077300 | 1767 |
| വികലാംഗ പെൻഷൻ | 4706800 | 305 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1627500 | 102 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.06.2022 തീയതിയിൽ 3 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9909/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമ പഞ്ചായത്തിൽ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ തൃപ്തികരമാണ്. രജിസ്റ്ററുകളും വൗച്ചറുകളും തൃപ്തികരമായി പരിപാലിക്കുന്നുണ്ടെങ്കിലും ഏതാനും രജിസ്റ്ററുകളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഇരിപ്പിട, കുടിവെള്ള സൗകര്യവും ടോക്കൺ സമ്പ്രദായം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വാഹനത്തിന്റെ ലോഗ്ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിക്കുന്നില്ല. പദ്ധതികളുടെ നിർവ്വഹണ പൂർത്തീകരണ ഘട്ടങ്ങളിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ കാര്യക്ഷമമായ ഇടപ്പെടലുകൾ നടക്കുന്നില്ല. അസി.എഞ്ചിനിയർ തൻവർഷം നടപ്പാക്കിയ പ്രോജക്ടുകളുടെ ഫയലുകൾ കൃത്യതയോടെ പരിപാലിച്ചിട്ടുണ്ട്. മുൻ വർഷത്തെ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. രജിസ്റ്ററുകളിൽ മുഴുവൻ കോളങ്ങളും എഴുതി പൂർത്തികരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രോജക്ട് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.05.2022 മുതൽ 31.05.2022 വരെ | ഏപ്രിൽ 2022 , മെയ് 2022 | ലഭ്യമായിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ | 13.12.2007 | 1997-98 മുതൽ 2006-07 വരെ | 28.01.2008 |

## 1-11 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-12 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

സർക്കാർ ഉത്തരവ് (കൈ) 16/21 ത.സ്വ.ഭ.വ തീ 23/1/21 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

## 1-13 വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം) - വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2485972 | 2466481 | 14723 | 8693 |
| 2.വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2485972 | 2462556 | 14723 | *8693 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(9156/105X100)= 8720 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-14 വസ്തുനികുതി - റെസിഡൻഷ്യൽ (കുടിശ്ശിക) - വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|

| | | | |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 14891 | 8218 | 7334 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *15218 | 7557 | **7334 |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (15979/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (7728/105X100)=7360 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.ഡിമാന്റ് തുക, കളക്ഷൻ തുക എന്നിവ പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-15 വസ്തുനികുതി നോൺ - റെസിഡൻഷ്യൽ (തൻവർഷം) - വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1636488 | 1613929 | 6908 | 33978 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1636488 | 1596133 | 7439 | *33978 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(35678/105X100)= 33979 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ, ക്രമീകരിച്ച മുൻകൂർ തുക എന്നിവ പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-16 വസ്തുനികുതി - നോൺ - റെസിഡൻഷ്യൽ (കുടിശ്ശിക) - വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 58158 | 12268 | 45359 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *57474 | 12268 | **45359 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ | **(47628/105X100)=45360 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

| | | | |
|---|---|---|---|
| | *((36552+23796)/105*100) | ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു) |

1.ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-17 ലൈബ്രറി സെസ്സ് - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| . | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 126448 | 800 | 127248 | 125214 | 420 | 125634 | 880 | | 463 | 394 | 857 |
| | നോൺ-റെസിഡൻഷ്യൽ | 93180 | 2918 | 96098 | 81265 | 617 | 81882 | 409 | | 1700 | 2269 | 3969 |
| | ആകെ | | | 223346 | | | 207516 | 1289 | | 4826 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 223345 | | | 207516 | | | | 218519 | 4826 | | |
| | | (2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt Cess/levies...... ലെഡ്ജർ 2020-21) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt Cess/levies...... ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും 207516 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല .മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 218519 രൂപയാണ്. (വൗച്ചർ 42000242 തീ. 31.03.2021)

3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 100790 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 4771 (100790 /105x5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 4826 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-18 വസ്തുനികുതി മുൻകൂർ - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 595369 | 592230 |
| 2 | 350410103-Advance Collection Of Revenues -Property Tax On Non-Residential Building | 68749 | 49760 |

## 1-19 വസ്തുനികതി - കൃത്യ സമയത്ത് ഡിമാന്റ് എൻടി രേഖപ്പെടുത്തുന്നില്ല

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻടി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിൽ 154 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2020-21 ലെ "110100101-Property Tax On Residential Building"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 1 തവണ മാത്രം (01/04//20 തീയ്യതിയിൽ ) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-20 വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. മറിച്ച് വാർഷികകണക്കിലെ വിവിധ പത്രികകളിലെ വർഷാന്ത്യ തുകകൾ പ്രിന്റ് എടുത്ത് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കുകയാണ് ചെയ്തിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

4.വാടക ഡിമാന്റ് രജിസ്റ്റർ

5.പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

6. ബിൽഡിംഗ് പെർമ്മിറ്റ് രജിസ്റ്റർ

## 1-21 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി ,നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-22 രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 314 |
| 280100102-Prior Period Income -Profession Tax -Institutions/Professionals/ Traders | (23050) |
| 280100104-Prior Period Income-Property Tax On Non Residential Buildings | (689) |
| 280200101-Prior Period Income-Rent From Building | 1500 |
| 280200201-Prior Period Income-License Fees | (25) |
| 280200401-Prior Period Income-Other Incomes | (420512) |
| 280300599-Prior Period Income-Recovery Of Revenues Written Off - Other Incomes | (5000) |
| 280800601-Prior Period-Revenue Grants And Contributions | (170000) |
| 280800701-Prior Period- Miscellaneous Expenses | (14674) |

## 1-23 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി

എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-24 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-25 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (1397789) രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5263671/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-26 Movable Assets -Others എന്ന ആസ്തിക്ക് ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടില്ല

ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ആസ്തിക്ക് (Land ഒഴികെ) ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടില്ല.

| ക്ര.നം | ആസ്തി -ശീർഷകം | 31/3/2021 ലെ മൂല്യം |
|---|---|---|
| 1 | Movable Assets -Others | 1128579 |

## 1-27 Capital Work In Progress എന്ന ശീർഷകത്തിൽ തുക ചേർത്തിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/21 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2021 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 576345/- രൂപയാണ്. എന്നാൽ 31/3/2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 0 ആണ്.

## 1-28 സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ))

## 1-29 ഡെപ്പോസിറ്റ് രജിസ്റ്റർ -വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ - Deposit Received For Halls And Auditoriums – രജിസ്റ്റർ പ്രകാരം 4500/- രൂപയാണ് എന്നാൽ വാർഷിക കണക്ക് പ്രകാരം 28750/- രൂപയാണ്.

## 1-30 റദ്ദാക്കിയ സാംഖ്യ രസീതി നമ്പറിൽ സഞ്ചയയിൽ നികുതി വരവ് രേഖപ്പെടുത്തിയത്- cacelled Receipt Report ലെ അപാകത പരിഹരിക്കേണ്ടതാണ്

2020-21 ൽ റദ്ദാക്കിയ സാംഖ്യ രസീതി നമ്പറുകളിൽ സഞ്ചയയിൽ നികുതി വരവ് രേഖപ്പെടുത്തിയിരിക്കുന്നു.ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

2020-21 Ist Half

| ക്രമ നം. | റദ്ദാക്കിയ രസീതി നമ്പർ | വീട്ട് നം | കാലയളവ് | തുക | തീയതി |
|---|---|---|---|---|---|
| 1 | 120020100512 | 4/300A | 2020-21 Ist Half | 322 | 02.06.20 |

| ക്രമ നം. | റദ്ദാക്കിയ രസീതി നമ്പർ | വീട്ട് നം | കാലയളവ് | തുക | തീയതി |
|---|---|---|---|---|---|
| | | | 2020-21 2nd Half | 322 | |
| 2 | 120020101482 | 6/36 | 2020-21 Ist Half | 355 | 16.09.20 |
| | | | 2020-21 2nd Half | 354 | |
| 3 | 120020101558 | 12/81 | 2020-21 Ist Half | 328 | 23.09.20 |
| | | | 2020-21 2nd Half | 327 | |
| 4 | 120020101663 | 16/218H | 2020-21 Ist Half | 399 | 28.09.20 |
| | | | 2020-21 2nd Half | 398 | |
| 5 | 120020102559 | 16/219A | 2020-21 Ist Half | 611 | 10.11.20 |
| | | | 2020-21 2nd Half | 610 | |
| 6 | 120020103456 | 15/378 | 2020-21 Ist Half | 185 | 04.01.21 |
| | | | 2020-21 2nd Half | 185 | |
| 7 | 120020103981 | 3/303D | 2020-21 Ist Half | 899 | 13.01.21 |
| | | | 2020-21 2nd Half | 898 | |
| 8 | 120020104203 | 12/202A | 2020-21 Ist Half | 139 | 18.1.21 |
| | | | 2020-21 2nd Half | 138 | |
| 9 | 120020104702 | 7/486 | 2020-21 Ist Half | 507 | 1.12.21 |
| | | | 2020-21 2nd Half | 510 | |
| 10 | 120020105170 | 3/269B | 2020-21 Ist Half | 257 | 1.02.21 |
| | | | 2020-21 2nd Half | 256 | |
| 11 | 120020105258 | 6/188 | 2020-21 Ist Half | 424 | 11.02.21 |
| | | | 2020-21 | 423 | |

| ക്രമ നം. | റദ്ദാക്കിയ രസീതി നമ്പർ | വീട്ട് നം | കാലയളവ് | തുക | തീയതി |
|---|---|---|---|---|---|
| | | | 2nd Half | | |
| 12 | 120020106002 | 5/120 | 2020-21 Ist Half | 454 | 02.03.21 |
| | | | 2020-21 2nd Half | 454 | |
| 13 | 120020106235 | 9/270A | 2020-21 Ist Half | 268 | 08.03.21 |
| | | | 2020-21 2nd Half | 268 | |
| 14 | 120020106613 | 11/182A (UA) | 2020-21 Ist Half | 368 | 19.03.21 |
| | | | 2020-21 2nd Half | 366 | |
| 15 | 120020106765 | 11/363 | 2020-21 Ist Half | 657 | 23.03.21 |
| | | | 2020-21 2nd Half | 656 | |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.15/തീ.22.06.2022 ) മറുപടി നൽകിയിട്ടുണ്ട്.പ്രിന്റർ തകരാറു മൂലം രസീതി വീണ്ടും പ്രിന്റ് ചെയ്യേണ്ടി വരുമ്പോൾ രസീതി സാംഖ്യ സോഫ്റ്റ് വെയറിൽ Cancel ആകുന്നില്ലെന്നും എന്നാൽ സോഫ്റ്റ് വെയർ തകരാറു മൂലം Cancelled Receipt Report ൽ മേൽ രസീതികൾ ഉൾപ്പെടുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഐ.കെ.എം ആയി ബന്ധപ്പെട്ട് മേൽ അപാകത പരിഹരിക്കേണ്ടതാണ്.

## 1-31 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2020-21 വർഷത്തിലെ തൊഴിൽ നികുതി പരിശോധനയിൽ താഴെ പറയുന്നവർ സ്ഥാപന തൊഴിൽ നികുതി ,ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ അടവാക്കുന്നില്ല.

1.നീതി മെഡിക്കൽ ലാബ് വെങ്കിടങ്ങ്-4ജീവനക്കാർ

2.തഹാനി ആയുർവ്വേദ ആശുപത്രി,ഏനാമാക്കൽ-1 ഡോക്ടർ ഉൾപ്പെടെ 4ജീവനക്കാർ

3.വെക്ലാസ് ഹെൽത്ത് സെന്റർ-1 ഡോക്ടർ

4.പഞ്ചായത്ത് പരിധിയിൽ കെട്ടിട നിർമ്മാണ ചട്ട പ്രകാരം പ്ലാൻ തയ്യാറാക്കി നൽകുന്ന ലൈസൻസുള്ള സൂപ്പർ വൈസർമാർ

5.റേഷൻ കടകൾ

മേൽ പറഞ്ഞവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുമെന്ന് ഓഡിറ്റ് എൻക്വയറിക്ക്(നം.3/തീ.20.06.2022 ,നം.10/തീ.21.06.2022 ) മറുപടി നൽകിയിട്ടുണ്ട്.തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 FTEAOS ലൈസൻസ്എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

FTEAOS ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം-435

ട്രേഡേഴ്സ് ലിസ്റ്റിലുള്ള സ്ഥാപനങ്ങളുടെ എണ്ണം-425

സഞ്ചയ പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം-1478

പഞ്ചായത്ത് പരിധിയിൽ FTEAOS ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് മേൽ കണക്കുകൾ വ്യക്തമാക്കുന്നത്.ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക്(നം.12/തീ.21.06.2022 ) മറുപടി നൽകിയിട്ടുണ്ട്.വാർഡ് തല

പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഇല്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-33 അനധികൃത കെട്ടിട നിർമ്മാണം തുടർ നടപടി സ്വീകരിക്കണം

ഫയൽ നം.സി3/6051/19

സിനീഷ്&സൗമ്യ ,കഴുങ്ങിൽ (H),കണ്ണോത്ത്

മേൽ വ്യക്തികൾക്ക് 157/7-28,157/6-27 സർവ്വെ നമ്പറുകളിൽ 125.26M$^2$ വിസ്തീർണ്ണമുള്ള വാസഗൃഹം നിർമ്മിക്കാൻ സി3/6483/15/254/2015-16 തീ.14.01.2016 പ്രകാരം അനുമതി നൽകിയിരുന്നു.എന്നാൽ നഞ്ച ഭൂമിയിൽ പണി പൂർത്തീകരിച്ച കെട്ടിടത്തിന്റെ വിസ്തീർണ്ണം 142.61M$^2$ ആണ്.തുടർന്ന് അനധികൃത കെട്ടിടനമ്പർ അനുവദിക്കുകയും (നം.7/315B(UA)) അധിക ഭാഗം പൊളിച്ച് മാറ്റാനോ ഭൂമിയുടെ തരം മാറ്റാനോ നിർദ്ദേശം നൽകുകയും ചെയ്തു.എന്നാൽ നാളിതു വരെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.20 തീ.22.06.2022).

## 1-34 അഗതി രഹിത കേരളം പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി അഗതി രഹിത കേരളം പദ്ധതിക്ക് കുടുംബ ശ്രീ ക്ക് കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.വിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി | നം. | കൈമാറിയ തുക | വൗച്ചർ നം. | തീയതി | UTR No. |
|---|---|---|---|---|---|
| അഗതിരഹിത കേരളം-SCP | SO021/21 | 300000 | 22000570 | 20.04.20 | U000000781240346 |
| അഗതി രഹിത കേരളം-ജനറൽ | SO019/21 | 400000 (പൊതു വിഭാഗം) | 20131452028100084111 (BRN) U000000781240346 (UTR) | 20.04.20 | U000000781240346 |
| | | 150000 (ബ്ലോക്ക് വിഹിതം) | 22001502 | 05.02.21 | U000000781240346 |
| അഗതി ആശ്രയ | SO188/21 | 100000 (ബ്ലോക്ക് വിഹിതം) | 22000135 | 15.05.20 | ലഭ്യമല്ല (A/c No.30388966398 Kudumbasree,Vengitangu) |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം. 22തീ.22.06.2022)മറുപടി ലഭ്യമാക്കിയിട്ടുണ്ട്.മറുപടി പ്രകാരം DFK സർവ്വെ പ്രകാരം കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് രേഖകളുടെ അഭാവം മൂലമാണ് തുക കൈമാറാൻ കഴിയാതിരുന്നത്.രേഖകൾ സമർപ്പിക്കുന്ന മുറക്ക് വീട് പണി തുടങ്ങുമെന്നും അറിയിച്ചിട്ടുണ്ട്.പ്രവർത്തികൾ പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## 1-35 പട്ടിക ജാതി വനിതകൾക്ക് ഫ്ളവർ മിൽ പദ്ധതി-ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ സ്വയം തൊഴിൽ ഗ്രൂപ്പ് പദ്ധതിയുടെ ഭാഗമായി പട്ടിക ജാതി വനിതകൾക്ക് ഫ്ളവർ മിൽ ആരംഭിക്കുന്നതിനായി താഴെ പറയുന്ന ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

1.Flour Mill Ds Single Head-1

2.Flour Mill Ds Single Head Chilly-1

3.Flour Mill Rorter-1

4.Motor 10HP

5.Accessories

ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ഉപകരണങ്ങൾ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-36 ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ പദ്ധതികൾ – അപാകങ്ങൾ

1) നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് നം. : S0135/21

പ്രൊജക്ടിന്റെ പേര്- വൃദ്ധർക്ക് കട്ടിൽ

അടങ്കൽ- 3,24,314

ചെലവ് – 3,24,188

(വൗച്ചർ നം. 22001099/14.10.2020- 71,574/- , വൗച്ചർ നം.22000547/12.04.2020 – 252614/-) )

മേൽ പ്രൊജക്റ്റ് പ്രകാരം കട്ടിൽ അനുവദിച്ചിട്ടുള്ള സുബൈദ ഏറച്ചംവീട്ടിൽ, തൊയ്ക്കാവ് എന്നവരുടെ ജനനവർഷം 1964 ലാണ് (ആധാർപ്രകാരം). ആയത്പ്രകാരം ടി വ്യക്തിക്ക് 2020-21 പ്രൊജക്ട് കാലയളവിൽ 60 വയസ്സ് തികഞ്ഞിട്ടില്ല. മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) അങ്കണവാടിക്കെട്ടിടം നം.15 ന് LSGD എഞ്ചിനീയറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. സുരക്ഷിതത്വമുള്ള കെട്ടിടത്തിലേക്ക് മാറേണ്ടതും ആയതിന് LSGD എഞ്ചിനീയറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.

## 1-37 ലോഗ് ബുക്ക് പരിപാലനം-അപാകതകൾ

പഞ്ചായത്തിന്റെ ഉപയോഗത്തിലിരിക്കുന്ന കെ.എൽ46 -എഫ്-6960 ബൊലേറൊ ജീപ്പിന്റെ ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ. ഫ്യുവൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. തന്മൂലം ഇന്ധനം നിറക്കുന്നത് ചട്ടപ്രകാരം ഫുൾടാങ്ക് കപ്പാസിറ്റിയിലാണെന്നും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 11-11-21 തിയ്യതിയിലെ D-1/PAN/KL 46 F-9660/310/21. സാക്ഷ്യപത്രം പ്രകാരമുള്ള ഇന്ധന ക്ഷമത വാഹനത്തിന് ലഭ്യമാകുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)വാഹനത്തിന്റെ പ്രതിമാസ സംഗ്രഹം ശരിയായ രീതിയിൽ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല , ഇന്ധന നീക്കിയിരുപ്പ് നെഗറ്റീവ് ആയി കാണിച്ചിട്ടുണ്ട്. ആയത് യുക്തിസഹമല്ല. പ്രതിമാസ സംഗ്രഹം എല്ലാ മാസവും എഴുതുന്നില്ല.

3) അറ്റകുറ്റ പണികളെ കുറിച്ചുള്ള വിവരങ്ങൾ ലോഗ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് സർക്കുലർ നം. 41/2008/ധന/02/08/2008പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ലോഗ്ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-38 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ നിലവിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കോ സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ടോ ആണ് വിതരണം ചെയ്യപ്പെടുന്നത്. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ മരണം സംഭവിച്ചാൽ ഡിസംബർ മാസത്തിൽ വാർഷിക മസ്റ്ററിംഗ് സമയത്ത് മാത്രമേ മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ വിതരണം നിർത്തുന്നതിന് സാധിക്കുകയുള്ളൂ. ഇതൊഴിവാക്കുന്നതിനായി സ.ഉ. (എ.എസ്) നം. 97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി / ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ മേൽ സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 04/20.6.22) മരണപ്പെട്ടവരുടെ വിവരങ്ങൾ അതത് മാസം തന്നെ നീക്കം ചെയ്യാറുണ്ടെന്നും, പുനർ വിവാഹിതരല്ലായെന്നുമുള്ള സാക്ഷ്യപത്രം വാങ്ങുന്നുണ്ടെന്നും ,നിലവിൽ സർവ്വെ നടത്തി വിവരങ്ങൾ ശേഖരിക്കുന്നില്ലായെന്നുമുള്ള മറപടിയാണ് ലഭ്യമാക്കിയത്. ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-39 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

2020-21 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

ആയത് ലഭ്യമാക്കി പരിശോധനക്കായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം. | പദ്ധതിയുടെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക | വൗച്ചർ നം./തീയതി |
|---|---|---|---|---|
| So 210/21 | ഫാദർ വടക്കൻ മെമ്മോറിയൽ റോഡ് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | സെക്രട്ടറി. | 5,00,000/- | 220010950/06.10.2020 |
| So209/21 | മണൽപ്പുഴ കണ്ണോത്ത് പ്രദേശം പൈപ്പ് ലൈൻ എക്സ്റ്ററൻഷൻ | സെക്രട്ടറി. | 7,60,000/- | 220010911/06.10.2020 |
| So8/21 | എ.ബി.സി പ്രോഗ്രാം | സെക്രട്ടറി. | 1,05,000/- | 22001066/24.08.2020 |

## 1-40 തൊഴിലുറപ്പ് പദ്ധതി

2020-21 വർഷത്തിൽ വെങ്കിടങ്ങ് പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വരവ് - | 27959924 |
| ആകെ ചെലവ് - | 27959924 |
| തൊഴിൽ ലഭ്യമാക്കിയ കുടുംബങ്ങളുടെ എണ്ണം | 1089 |
| നൂറ് തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങൾ | 427 |
| വിഭാവനം ചെയ്ത പദ്ധതികൾ | 307 |
| പൂർത്തിയാക്കിയ പദ്ധതികൾ | 305 |
| വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 3399 |
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 74327 |

ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ 99% പൂർത്തിയാക്കിയിട്ടുള്ളതായും, മൊത്തം അടങ്കൽ തുകയുടെ 99% ചെലവഴിച്ചതായും കാണുന്നു. തൊഴിൽ ലഭ്യമാക്കിയ 1089കുടുംബങ്ങളിൽ നൂറ് ദിനം പൂർത്തിയാക്കിയത് കേവലം 427 കുടുംബങ്ങൾ മാത്രമാണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് .

വരും വർഷങ്ങളിൽ കൂടുതൽ വൈവിദ്ധ്യമുള്ള പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-41 ബൈലോക്ക് അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിങ്ങ് കോംപ്ലക്സ് , ക്രിമറ്റോറിയം എന്നിവയുടെ നടത്തിപ്പ് സംബന്ധിച്ച് ബൈലോ തയ്യാറാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 06 തിയ്യതി 20/06/22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം. ഷോപ്പിങ്ങ് കോംപ്ലക്സിന് കരട് ബൈലോ തയ്യാറാക്കി ആയതിന് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമായിട്ടുണ്ടെന്നും ,ക്രിമറ്റോറിയത്തിന് ബൈലോ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ചട്ടപ്രകാരം സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട് .ബൈലോ തയ്യാറാക്കി ചട്ടപ്രകാരം സർക്കാരിൽ നിന്ന് സാധൂകരണം നേടുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കേണ്ടതാണ്.

## 1-42 ജല സുരക്ഷ - കിണർ റീചാർജ്ജ് -തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതലായി ഉൾപ്പെടുത്തണം .

കനാലുകളുടേയും, മറ്റ് ജലാശയങ്ങളുടേയും സാമീപ്യത്താൽ ജല സമൃദ്ധമാണെങ്കിലും വെങ്കിടങ്ങ് ഗ്രാമ പഞ്ചായത്തിലെ പയ്യൂർ മാട് നാട്ടുകല്ല് , മണലി പുഴ , കണ്ടഴിയൂർ എന്നീ പ്രദേശങ്ങളിലും 16,17 വാർഡുകളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട് . ഇതിന് പരിഹാരമായി പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ്ജ്

ചെയ്യുകയാണെന്നതാണ് ജലസുരക്ഷ സമ്പൂർണ്ണ കിണർ റീചാർജ്ജ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ കിണർ റീചാർജ്ജ് പ്രവർത്തികൾ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ 2019-20 വർഷത്തിൽ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയിരിക്കുന്ന പ്രവ്യത്തികളിൽ ടി പ്രവ്യത്തികൾ ഈയിനത്തിൽ നടപ്പാക്കി കാണുന്നില്ല ടി കാര്യത്തെപ്പറ്റി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 5,തിയ്യതി 20-06-22) ലഭ്യമാക്കിയ മറുപടി പ്രകാരം വിവിധ വാർഡുകളിലുമായി 11 കിണർ റീചാർജ്ജ് പ്രവർത്തികൾ നടത്തിയിട്ടുണ്ടെന്നാണറിയിച്ചിട്ടുള്ളത്,

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ 7.1 ബി. 3,4പ്രകാരം എല്ലാവർക്കും എന്നും ശുദ്ധമായ കുടിവെള്ളം എന്നതായിരിക്കണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലക്ഷ്യം. കൂടാതെ ജലവിതരണ പ്രവർത്തനങ്ങളേക്കാൾ ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായിരിക്കണം മുൻഗണന നൽകേണ്ടത്. റീചാർജ്ജ് ആവശ്യമായ കിണറുകൾ സമഗ്രമായ സർവ്വേയും മറ്റും നടത്തി കണ്ടെത്തേണ്ടതും ഗ്രാമസഭകളിലും ആവശ്യമെങ്കിൽ പ്രത്യേക ജലഗ്രാമസഭകളും മറ്റും നടത്തി ബോധവൽക്കരണം നടത്തേണ്ടതും വരും വർഷങ്ങളിൽ ആക്ഷൻ പ്ലാനിൽ ഈ പ്രവർത്തിക്ക് കൂടുതൽ ഊന്നൽ കൊടുക്കുന്നതിന് പ്രാധാന്യം നൽകേണ്ടതുമാണ്. അതുവഴി കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം കണ്ടെത്തേണ്ടതുമാണ്.

## 1-43 ലീഗൽ ചാർജ്ജസ്- സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

പഞ്ചായത്തിലെ സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ ആവശ്യമായ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി കാണുന്നില്ല. കോടതി വ്യവഹാരങ്ങളെ സംമ്പന്ധിച്ച സുപ്രധാന രേഖയായതിനാൽ കേസിന്റെ സീരിയൽ നമ്പർ, ഫയൽനമ്പർ, സ്യൂട്ട് നമ്പർ, കോടതി, അഡ്വക്കറ്റിന്റെ വിവരങ്ങൾ, കേസിന്റെ സ്വഭാവം, കേസിന്റെ പുരോഗതി, ജഡ്ജ്മെന്റ് വിവരങ്ങൾ, അപ്പീൽ വിവരങ്ങൾ, ഫീസ് നൽകിയതിന്റെ വിവരങ്ങൾ, ആദായ നികുതി വിവരങ്ങൾ തീർപ്പാകാതെ അവശേഷിക്കുന്ന കേസുകളുടെ വിവരങ്ങൾ മുതലായവ രേഖപ്പെടുത്തി സ്യൂട്ട് രജിസ്റ്റർ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-44 പൊതുമരാമത്ത് പ്രവൃത്തികൾ -പൊതു പരാമർശം

2020 -21 വർഷത്തിൽ അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ നല്കുന്നു.

തൻവർഷത്തെ ആകെ അടങ്കൽ 31719636/ - രൂപയും, ആകെ ചെലവ് 25694809/- രൂപയുമാണ്. അടങ്കൽ തുകയുടെ 81% തുകയും ചെലവഴിച്ചിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ 79 എണ്ണമാണ്. ആയതിൽ 71 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. 31 പുതിയ പ്രോജക്ടുകളും 40 സ്പിൽ ഓവർ പ്രോജക്ടുകളുമാണ്. റോഡ് അറ്റകുറ്റ പണികൾ 41 എണ്ണവും പുതിയ റോഡ് 12 എണ്ണവും 18 മറ്റു പ്രവൃത്തികളാണ് തൻവർഷം ചെയ്തിട്ടുള്ളത്. പ്രോജക്ടുകൾ സ്പിൽ ഓവർ ആകുമ്പോൾ ആയതിന്റെ റിവൈസ്ഡ് പ്രോജക്ടുകൾ ബന്ധപ്പെട്ട പ്രോജക്ട് ഫയലിനോടൊപ്പം സൂക്ഷിക്കുന്നുണ്ട്.

രജിസ്റ്ററുകളിൽ എല്ലാ കോളങ്ങളും എഴുതി പൂർത്തികരിക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമായും തൃപ്തികരമായും ഫയൽ ചെയ്ത് സൂക്ഷിക്കുന്നില്ല. പുതുതായി സൃഷ്ടിച്ച ആസ്തികൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല. എഗ്രിമെന്റ് രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ എന്നിവയിലെ കോളങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ പൂർണ്ണമായും എഴുതി ചേർക്കുന്നില്ല. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കേണ്ടതും, രജിസ്റ്ററുകൾ ചിട്ടയോടെ പരിപാലിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. പ്രോജക്ട് ഫയലുകൾ കൃത്യതയോടെ പരിപാലിക്കുന്നത് അഭിനന്ദാർഹമാണ്..

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | അഗതി രഹിത കേരളം -ജനറൽ | 150000 | 50000 |
| | | 300000 | ഭിന്നശേഷി സ്കോളർഷിപ്പ് | 300000 | 0 |
| | | 100000 | അംഗൻവാടി പോഷകാഹാര പരിപാടി | 100000 | 0 |
| | | 30000 | ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 12150 | 17850 |
| | | 6200000 | ലൈഫ് മിഷൻ ഭവനപദ്ധതി (എസ്. സി.) | 3700000 | 2500000 |
| | | 10011 | ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 10011 | 0 |
| | | 250000 | അഗതി ആശ്രയ | 100000 | 150000 |
| | | 500000 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി നല്കൽ | 495193 | 4807 |
| | | | ആകെ | 4867354 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | നെൽകൃഷിക്ക് ഉഴവുകൂലി സബ്സിഡി നല്കൽ-എസ്.സി. | 100000 | 0 |
| | | 500000 | പുഴകളിലേയും തോടുകളിലേയും പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ | 370856 | 129144 |
| | | 500000 | ഫാദർ വടക്കൻ മെമ്മോറിയൽ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 500000 | 0 |
| | | 760000 | മണൽപുഴ കണ്ണോത്ത് പ്രദേശം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 760000 | 0 |
| | | 1000000 | ലൈഫ് മിഷൻ ഭവനപദ്ധതി (എസ്. സി.) | 800000 | 200000 |
| | | 700000 | ഭിന്നശേഷി സ്കോളർഷിപ്പ് | 317260 | 382740 |
| | | 500000 | അംഗൻവാടി പോഷകാഹാര പരിപാടി | 500000 | 0 |
| | | 30000 | ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 30000 | 0 |
| | | 100000 | നെൽകൃഷിക്ക് കൂലി ചെലവ് എസ്.സി. വിഭാഗം കർഷകർക്ക് | 56145 | 43855 |

| | | | | | |
|---|---|---|---|---|---|
| | | 1000000 | സ്ട്രീറ്റ് മെയിൻ വലിക്കൽ(തേജസ്സ്) | 1000000 | 0 |
| | | 225000 | നെൽകൃഷിക്ക് ഉഴവുകൂലി -ചെലവ് | 225000 | 0 |
| | | | ആകെ | 4659261 | |

സ്ഥാപനം ലഭ്യമാക്കിയ വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിട്ടുള്ളത്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ചതുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ വലിക്കൽ (തേജസ്സ്) | | 1366727 | 0 | 1366727 |
| | സ്ട്രീറ്റ് മെയിൻ വലിക്കൽ (തേജസ്സ്) | | 1245090 | 0 | 1245090 |
| KWA | ഫാദർ വടക്കൻ മെമ്മോറിയൽ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | 500000 | 365392 | ജില്ലാ പഞ്ചായത്തിലേക്ക് തിരിച്ചടവാക്കി |
| | മണൽപ്പുഴ കണ്ണോത്ത് പ്രദേശം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | 760000 | 0 | 760000 |
| | സുഭാഷ്ചന്ദ്ര ബോസ് റോഡ് പൈപ്പ് ലൈൻ നീട്ടൽ | | 442000 | 0 | 442000 |
| | ജലധാര-കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | | 4717000 | 0 | 4717000 |
| | വാട്ടർ ടാങ്കുകളിൽ നിന്നുള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | 5150000 | 0 | 5150000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 സ്ഥിര നിക്ഷേപം

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വായ്പയുടെ തുക വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 100 വീട് പദ്ധതി | - | 19000000 | 12382747 | 2000000 | 1400000 | 9952659 |
| ലൈഫ് ലോൺ | - | | 5814510 | 805372 | | 5009135 |

വാർഷിക കണക്ക്, ലോൺ റജിസ്റ്റർ എന്നിവ പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്. എന്നാൽ ഗണിതക്രിയയിൽ വ്യത്യാസം ഉണ്ട്. ആയത് പരിശോധിക്കേണ്ടതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം / തിയതി |
|---|---|---|---|---|
| 2016-17 | 2.2(18) | 1250/- | ആനീസ് ടൂർ & ട്രാവൽസ് | 120020106326 / 10.03.2021 |

## 4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 96737997 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 98135786 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 67-68 | എൽ.എഫ്.ഇ3 (1)/ 6590/ 25.1.74 |
| 81-82 | എൽ.എഫ്.ടി.(എസ് 2) 1130/11/ 26.7.11/20.10.11 |
| 82-83 | |
| 83-84 | |
| 84-85 | |
| 85-86 | എൽ.എഫ്.ഇ(1)/1513/90/10.1.91 |
| 86-87 | എൽ.എഫ്.ഇ(1)/2433/ 91/4.2.92 |
| 87-88, 89-90, 90-91 | എൽ.എഫ്.ഇ (1)/197/94/8.3.94 |
| 91-92 | എൽ.എഫ്.ഇ3(1)/ 1554/93/15.2.94 |
| 92-93 | എൽ.എഫ്.ടി.18- 1172/2000/19.9.2000 |
| 93-94 | എൽ.എഫ്.ടി.18-1111/ 2000/2.11.2000 |
| 94-95 | എൽ.എഫ്.ടി.18- 1167/2000/8.11.2000 |
| 95-96 | എൽ.എഫ്.ടി.18- 01/12/2000/8.11.2000 |
| 96-97 | എൽ.എഫ്.ടി.11- 548/98/2.11.98 |
| 97-98 | എൽ.എഫ്.ടി.15-8/2000/ 6.6.2000 |
| 98-99 (വരവ്) | എൽ.എഫ്.ടി.15- 1443/02/ 27.9.02 |
| 98-99 (ചെലവ്) | എൽ..എഫ്.ടി.18- 1/5.8.2001 |
| 99-00 | എൽ.എഫ്.ടി.18- 165/2002/27.9.2002 |
| 2000-01 | എൽ.എഫ്.ടി.18-500/04/ 30.9.04 |
| 01-02 | എൽ.എഫ്.ടി.18- 506/04/ 30.9.04 |
| 02-03 | എൽ.എഫ്.ടി.18-1744/04/ 2.11.04 |
| 03-04 | എൽ.എഫ്.ടി.18-1514/05/ 17.1.06 |
| 04-05 | എൽ.എഫ്.ടി.15-289/07/ 16.3.07 |
| 05-06 | എൽ.എഫ്.ടി.15- 2011/08/ 14.9.09 |
| 06-07 | എൽ.എഫ്.ടി.15-236/10/ 6.9.2010 |
| 07-08 | എൽ.എഫ്.ടി.15- 237/10/ 6.9.2010/14.2.11 |
| 08-09 | എൽ.എഫ്.ടി.പി(1)- 2103/12/6.2.13 |
| 09-10 | എൽ.എഫ്.ടി.പി(1)- 2103/12/6.2.13 |
| 10-11 | എൽ.എഫ്.ടി.പി.(1)- 2103/12/6.2.13 |
| 11-12 | എൽ.എഫ്.ടിപി(1)- 983/13/11.2.14/1.4.14 |
| 12-13 | എൽ.എഫ്.ടി.പി(5)- 1540/14/2.2.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ(പി5)-732/15-21 /8/15/14.10.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി5)1149/2016-16-7-2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി.5)2129/2016-05.12.2016 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി.5)1522/2017-29.11.17 /7.12.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി.5)27/2019-16.04.2019 |

| | |
|---|---|
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(പി.5)700/2020 തിയ്യതി:28/07/2020 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ(പി16)/875 /2021 തീയതി 02/09/2021 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്